# എപ്പോഴും സന്തോഷിപ്പിൻ

## തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി

മനുഷ്യൻ എന്നും സന്തോഷമുള്ളവനായി ജീവിക്കണമെന്ന് സ്നേഹവാനായ ദൈവം ആഗ്രഹിക്കുന്നു. 'എപ്പോഴും സന്തോഷിപ്പിൻ' എന്നുള്ളതാണ് ദൈവഹിതം. എപ്പോഴും പോയിട്ട് വല്ലപ്പോഴുമെങ്കിലും ഉള്ളുതുറന്നൊന്നു സന്തോഷിക്കുവാൻ കഴിയാത്തവരാണ് അധികം മനുഷ്യരും ഇന്ന്. ഭയങ്കരമായ ഒരു ആന്തരിക തകർച്ചയും നിരാശയും പകർച്ചവ്യാധി പോലെ മനുഷ്യരെ ഇന്ന് ബാധിച്ചുകൊണ്ടിരിക്കുന്നു. ഭയവും ഉത്കണ്ഠയും ആകുലചിന്തകളും മാനസികസംഘർഷങ്ങളും കൊണ്ട് തകർന്നുകൊണ്ടിരിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് ലോകം ഇന്ന്. രോഗങ്ങൾകൊണ്ട് മരിക്കുന്നതിനെക്കാൾ അധികം മനുഷ്യർ വിഷാദചിന്തകൾ കൊണ്ട് മരിക്കുന്നു എന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ കഴിയുന്ന മലയാളികളുൾപ്പെടെയുള്ള അമേരിക്കയിലെ അനേകായിരം മനുഷ്യർ ഇന്ന് മാനസികമായി തകർന്നവരാകുന്നു. മനോവ്യഥകളകറ്റാൻ അനേകായിരങ്ങൾ മദ്യത്തിലം മയക്കുമരുന്നുകളിലും അഭയം പ്രാപിക്കുന്നു. തകർന്നവരെ ഇത് കൂടുതൽ തകർക്കുന്നതല്ലാതെ പ്രശ്നഹങ്ങളിൽ നിന്ന് ഇതാരെയും വിടുവിക്കുന്നില്ല എന്നുള്ളതല്ലേ സത്യം? കടുത്ത നിരാശത മൂലം അനേകമാളുകൾ വർഷംതോറും അമേരിക്കയിൽ ആത്മഹത്യ ചെയ്ത് ജീവിതം അവസാനിപ്പിച്ചുകൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് അമേരിക്കക്കാർ ഇന്ന് രാത്രി ഉറങ്ങുന്നത് ഉറക്കഗുളികയുടെ സഹായത്താലാണ്. അതിരുകൾ ഇല്ലാത്ത ലൈംഗിക സ്വാതന്ത്ര്യത്തിൽ ജീവിക്കുന്ന മനുഷ്യന് ഇന്ന് സന്തോഷമില്ല. സമാധാനമില്ല. സംതൃപ്തി ഇല്ല! എന്തൊരു വിരോധാഭാസം! എന്തൊരു അരാചകാവസ്ഥ! എന്തൊരു നിസ്സഹായാവസ്ഥ മനുഷ്യന്റേത്?

ദുഃഖങ്ങളും, വേദനകളും, പ്രശ്നങ്ങളും പ്രതിസന്ധിഘട്ടങ്ങളും ഇല്ലാത്ത ഒരു ജീവിതത്തെ ദൈവം മനുഷ്യന് ഭൂമിയിൽ വാഗ്ദാനം ചെയ്തിട്ടില്ല. മാത്രമല്ല, ദുഃഖത്തിന്റെ കൈപ്പുനീരു കുടിക്കാതെ സന്തോഷത്തിന്റെ മധുരനീരു കുടിക്കാൻ ദൈവം മനുഷ്യനെ അനുവദിക്കാറുമില്ല. നീതിമാനും നിഷ്കളങ്കനുമായി ജീവിച്ച ഭക്തനായ ഇയ്യോബ് കഷ്ടതയുടെ കൈപ്പുനീർ ഏറെക്കുടിച്ചിട്ട് പറഞ്ഞു "തീപ്പൊരി ഉയരെ പറക്കുംപോലെ. മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു" എന്ന് (ഇയ്യോ. 5:7) എന്നാൽ കഷ്ടതയുടെ തീച്ചൂളയിൽ കൂടി ജീവിച്ച ഇയ്യോബിൽ പിൽക്കാലത്തെ ഇരട്ടിയായി ദൈവം അനുഗ്രഹിച്ചു.

ഈ ലോകത്തിൽ ജീവിച്ച് ദുഃഖവും വേദനയും ശത്രുതയും അപമാനവും ക്രൂരമായ ക്രൂശുമരണവും വരിച്ച യേശു പറഞ്ഞു "നിങ്ങളുടെ ജീവന്നായി കൊണ്ടും ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്. ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വയ്ക്കുന്നുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടെ ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? (മത്താ. 6:25–27). ആകുലചിന്ത ഒട്ടും നല്ലതല്ല എന്ന് യേശു ഇവിടെ സമർത്ഥിച്ചിരിക്കുന്നു.

കഷ്ടത ജീവിതത്തിന്റെ ഒരു ഭാഗമാണെങ്കിലും അധികം ദുഃഖങ്ങളും മനുഷ്യൻ സ്വയം ഉണ്ടാക്കുന്നതാകുന്നു. നമ്മുടെ ജീവിതവിജയത്തിനും പരാജയത്തിനും, നിരാശയ്ക്കും സന്തോഷത്തിനും, താഴ്ചയ്ക്കും ഉയർച്ചയ്ക്കും, തകർച്ചയ്ക്കും ഒക്കെ കാരണക്കാർ നാം തന്നെയാണ്. വള്ളത്തോൾ ഈ സത്യത്തെ മഗ്ദലന മറിയത്തിലൂടെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു.

മർത്യനെ കീഴ്പോട്ടു തള്ളുന്നതായാൽ താൻ

മറ്റാരുമല്ല കരേറ്റുവതും.

ഇതല്ലേ നിഷേധിക്കാനാവാത്ത സത്യം?

സന്തോഷം നാം ഉണ്ടാക്കുന്നതാകുന്നു. ഏബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു. ജനങ്ങൾ ആഗ്രഹിക്കുന്നതിനനുസരിച്ച് എത്ര വേണമെങ്കിലും സന്തോഷം അനുഭവിക്കാൻ അവർക്ക് കഴി

യുമെന്ന്. ജീവിതത്തെ സന്തോഷപൂർണ്ണമോ ദുഃഖപൂർണ്ണമോ ആക്കിത്തീർക്കുവാൻ നമ്മുടെ ചിന്തകൾക്കുള്ള സ്വാധീനശക്തി വലുതാകുന്നു. മനുഷ്യൻ എന്തു ചിന്തിക്കുന്നുവോ അതാകുന്നു അവന്റെ ജീവിതമെന്ന് എമേഴ്സൺ പറഞ്ഞു. മനസ്സുവെച്ച് പ്രവൃത്തിച്ചാൽ ജീവിതത്തെ സന്തോഷപൂർണ്ണാക്കി തീർക്കുവാൻ തീർച്ചയായും നമുക്ക് കഴിയും.

പണം കൊണ്ട് സ്വായത്തമാക്കാവുന്നതാണ് സന്തോഷമെന്ന് വിശ്വസിക്കുന്ന അനേകമാളുകൾ ഉണ്ട്. പണം കൊണ്ട് വാങ്ങാവുന്നതല്ലത്. ധനസമൃദ്ധി കൊണ്ടുമാത്രം ആരും സന്തോഷം അനുഭവിക്കുന്നില്ല എന്നുള്ളത് സത്യം. എന്നാൽ പണം ഇല്ലാത്ത അവസ്ഥയും നിരാശകരം തന്നെയാകുന്നു. ഉള്ളതുകൊണ്ട് സംതൃപ്തിയോടുകൂടി ജീവിക്കുന്നവൻ ധനവാൻ എന്നൊരു തത്വം ജപ്പാൻകാരുടെ ഇടയിൽ പ്രാബല്യത്തിൽ ഉണ്ട്. ഇങ്ങനെ ജീവിക്കുവാൻ കഴിയുന്നവർക്ക് നിരാശപ്പെടേണ്ടി വരികയില്ല എന്നുള്ളത് തീർച്ചയാണ്. ബൈബിളിൽ എബ്രായലേഖകൻ ദൈവജനങ്ങളെ ഉൽബോധിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാകുന്നു. 'നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ'. പണം എന്നും മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്ന ഒരു ശക്തിയായി നിലനിൽക്കുന്നു. പണം ഉണ്ടാക്കുന്നത് മനുഷ്യർക്ക് സന്തോഷകരമാണ്. എന്നാൽ പണം കൊണ്ടുള്ള പ്രയോജനം ശരിയായി അനുഭവിക്കുവാൻ ഒരുവന് കഴിയുന്നില്ലെങ്കിൽ അത് പരിതാപകരം തന്നെയല്ലേ? അനേകായിരങ്ങൽ ധനത്തിലുള്ള അത്യാശ മൂലം ജീവിതം തന്നെ മറന്ന് അതിന്റെ പിന്നാലെ ഓടി നശിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ അനേകമാളുകൾക്ക് ഇന്ന് ശരിയായ വിശ്രമം ഇല്ല. ജീവിതസുഖങ്ങൾ അനുഭവിക്കുവാനും സന്തോഷിക്കുവാനും ഒന്നും അവർക്ക് സമയം ഇല്ല. ഒടുവിൽ മരിക്കുമ്പോൾ ഉടുതുണി പോലും കൊണ്ടുപോകാനും മനുഷ്യന് കഴിയുന്നില്ലെന്നും ജ്ഞാനപ്പാനയിലൂടെ പൂന്താനം പറഞ്ഞു. ജീവിതത്തിലെ ഏറ്റവും നിരാശാപൂർണ്ണമായ ദുഃഖസംഭവം ഇതാകുന്നു. ദൈവത്തെ കൂടാതെ മനുഷ്യന് ഈ ലോകത്തും പരലോകത്തും യാതൊന്നും അവകാശപ്പെടുവാൻ ഇല്ല.

മനുഷ്യജീവിതത്തിൽ ജനനം മുതൽ മരണം വരെയും ആധിപത്യം പുലർത്തുന്ന ദൈത്തെ ഇന്ന് അധികം പേരും മറന്നിരിക്കുന്നു. എല്ലാ ഹൃദയാഭിലാഷങ്ങളും ദൈവത്തിൽക്കൂടി മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന് വിശ്വസിക്കുന്ന മനുഷ്യൻ ബുദ്ധിമാനാകുന്നു. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല" (യോഹ. 15:5) എന്ന് ക്രിസ്തു പറഞ്ഞു. ദൈവത്തെ കൂടാതെ 'ബാബേൽ ഗോപുരങ്ങൾ' കെട്ടുകയാണ്. മനുഷ്യൻ ഇന്നും. മനുഷ്യന്റെ സമസ്ത ദുഃഖങ്ങൾക്കും പ്രശ്നങ്ങൾക്കും ജീവിതതകർച്ചകൾക്കും ഒക്കെയുള്ള മുഖ്യമായ കാരണം 'ശുഭകരമായി പ്രവൃത്തിക്കുവാനും പോകേണ്ടുന്ന വഴികളിലൂടെ പോകുവാനും ബുദ്ധിയും ആലോചനയും പറഞ്ഞുതരുന്നവനായ ദൈവത്തെ' മനുഷ്യൻ ഇന്ന് ജീവിതത്തിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് സ്വന്തം ഇഷ്ടപ്രകാരം ജീവിക്കുന്നു എന്നുള്ളതാകുന്നു. ജീവിതത്തെ നിയന്ത്രിക്കുവാൻ ദൈവത്തെ ഏൽപ്പിച്ചിരുന്നുവെങ്കിൽ മനുഷ്യർക്ക് അവരുടെ ജീവിതത്തെ സ്വർഗ്ഗതുല്യമാക്കി തീർക്കുവാൻ കഴിയുമായിരുന്നു എന്ന് പ്രശസ്തനായ ഒരു ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നു. ദുഃഖത്തിന്റെയും നിരാശയുടെയും അന്ധകാരാനുഭവങ്ങളിലൂടെ നെടുവീർപ്പെട്ടു കഴിയുന്ന മനുഷ്യനോട് ദൈവം പറയുന്നു. "അയ്യോ നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിര പോലെയും ആകുമായിരുന്നു." (യെശ. 48:18).

ജീവിതത്തിൽ സന്തോഷം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ തെറ്റായ ജീവിതവഴികളെ വിട്ട് സത്യത്തിന്റെയും നീതിയുടെയും വഴികളിലേക്ക് തിരിയണം. 'ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്കു തിരിയട്ടെ.' (യെശ. 55:7). സന്തുഷ്ടപൂർണ്ണമായ ജീവിതത്തിന് വേണ്ടത് ഇതാകുന്നു. സത്യവും നീതിയും വിശുദ്ധിയും വിനയവുമൊക്കെ ദൈവീകഭാവങ്ങളാകുന്നു. സത്യസന്ധനായ മനുഷ്യൻ ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടിയാകുന്നു എന്ന് അലക്സാണ്ടർ പോപ്പു പറഞ്ഞു. മനുഷ്യന്റെ മാന്യതയുടെയും മഹത്വത്തിന്റെയും മൂലക്കല്ല് സത്യമാകുന്നു. ദൈവത്തെ ഏറെ സന്തോഷിപ്പിക്കുന്ന തിരുമുൽക്കാഴ്ചയും സത്യം തന്നെ. വിശുദ്ധയോഹന്നാൻ എഴുതിയ മൂന്നാം ലേഖനം നാലാം വാക്യത്തിൽ നമുക്ക് അതിങ്ങനെ വായിക്കാം "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന്

കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല." വിസ്താരഭയത്താൽ ചുരുക്കുന്നു. സത്യസന്ധവും നീതിനിർഭരവുമായ മനുഷ്യജീവിതങ്ങൾ അനുഗ്രഹീതങ്ങളും ആനന്ദപൂർണ്ണങ്ങളുമാകുന്നു. ശലോമോൻ പറഞ്ഞു. "നീതിമാന്മാരുടെ പ്രത്യാശ സന്തോഷമാകുന്നു" (സദൃ.10:28) എന്ന്. ദാവീദും ഇതു തന്നെ പ്രസ്താവിച്ചു. "ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്" എന്ന്. (സങ്കീ. 118:15)

പൂർണ്ണആരോഗ്യത്തിന്റെയും ദീർഘായുസ്സിന്റെയും രഹസ്യം സന്തോഷമാകുന്നു. കൂടുതലായി ചിരിക്കുന്നവരാകുന്നു ആകുലഹൃദയരായി ജീവിക്കുന്നവരേക്കാൾ അധികം ദീർഘായുസ്സുള്ളവരായി ജീവിക്കുന്നതെന്ന് കാണാം. സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു. (സദൃ. 17:22). അഹന്തയും അസൂയയും വിദ്വേഷവും വഴക്കും മല്ലും പാരവെയ്ക്കലുമൊക്കെ കയ്യിലുണ്ടെങ്കിലും ഇന്ത്യാക്കാരുടെ ഇടയിൽ മറ്റാരെയുംകാൾ അധികം സന്തോഷം അനുഭവിക്കുവാൻ ശ്രമിക്കുന്നവർ മലയാളികൾ തന്നെയാണെന്നുള്ളതിൽ സംശയം ഇല്ല. ഉൽകൃഷ്ടമായ അവരുടെ നർമ്മബോധം തന്നെ ഇതിന് മതിയായ തെളിവാകുന്നു.

ലോകം നൽകുന്ന സന്തോഷത്തെക്കാളൊക്കെ ഉന്നതവും ഉദാത്തവുമായ ഒരു സന്തോഷത്തെ തന്നെയാകുന്നു ദൈവം മനുഷ്യർക്ക് എന്നും നൽകിക്കൊണ്ടിരിക്കുന്നത്. അഭൗമീകമായ ഈ ആത്മസന്തോഷത്തിന്റെ മുൻപിൽ എല്ലാം ലോകസല്ലാപങ്ങളിലും നിഷ്പ്രഭങ്ങളാകുന്നു. ദൈവദാനമായ ഈ മഹാസന്തോഷത്തെ യഥായഥം രുചിച്ചറിഞ്ഞ തന്റെ ഭക്തൻ ആനന്ദഭരിതനായി സർവ്വേശ്വരനെ ഇങ്ങനെ പാടി സ്തുതിച്ചു. 'നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്.' (സങ്കീ. 16:11) സന്തോഷത്തിന്റെ ഈ പരിപൂർണ്ണത മദ്യമേശയിൽ നിന്നോ ജഡികസുഖങ്ങളിൽ നിന്നോ കിട്ടുന്നതല്ല. തിരതല്ലി ഒഴുകുന്ന ഈ സ്വർഗ്ഗസന്തോഷം നിഷ്കളങ്ക ഹൃദയത്തോടുകൂടി ദൈവത്തെ അറിയുന്നവർക്കും, നിസ്വാർത്ഥമായി മനുഷ്യനെ സ്നേഹിക്കുകയും സേവിക്കുന്നവർക്കും ഉള്ളതാകുന്നു. പാപത്തിന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച് തന്റെ മക്കൾ എപ്പോഴും സന്തോഷിച്ച് ജീവിക്കണമെന്ന് സ്വർഗ്ഗസ്ഥനായ ആ നല്ല പിതാവ് ആഗ്രഹിക്കുന്നു. ഫിലിപ്പിയർ 4-ന്റെ 4-ൽ ആയി പൗലോസ് അപ്പോസ്തലൻ അത് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു; നിരീശ്വരവാദികൾ ഇതിനെ നിഷേധിച്ചാലും ആക്ഷേപിച്ചാലും ശരി, ജീവിതത്തിൽ സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുകയും ഭാവിയെപ്പറ്റിയുള്ള സുനിശ്ചിതമായ പ്രത്യാശയിൽ നിർഭയം മരിക്കുന്നവരും ദൈവവിശ്വാസത്തിലും അവനുമായുള്ള വിശുദ്ധബന്ധത്തിലും ജീവിക്കുന്നവർ തന്നെയാകുന്നു എന്നുള്ള അമൂല്യസത്യം അടിവരയിട്ട് ഞാൻ ഇവിടെ എല്ലാ വായനക്കാരെയും സവിനയം അറിയിച്ചുകൊള്ളട്ടെ.

******